കരിഞ്ചന്തകേസുകൾ

*൯ ൦ ൧. (൩൯) സാഹിബ്ബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഗവൺമെണ്ട കണ്ടുപിടിച്ചു കേസാക്കിയശേഷം ഇതുവരെ തീരുമാനിക്കപ്പെട്ടിട്ടില്ലാത്ത ബ്ലാക്കുമാക്കറിംഗ് കേസുകൾ എത്ര;

(ബി) അവയിൽ കൂടുതൽ കാലപ്പഴക്കമുള്ളത് എത്രകാലം?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൩൨.

(ബി) ൩ കൊല്ലം ൧൦ മാസം.

ശ്രീ. ടി. എ. മൈയ്തീൻകുഞ്ഞ്: ഇത്രയും കാലം കേസുകൾ തീരുമാനിക്കാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അവധിക്ക ഹർജികൾ കൊടുക്കുകയാലും മറ്റു പലകാരണങ്ങളാലും നീളേണ്ടിവന്നിട്ടുണ്ട്. (ബി) യിൽ പറഞ്ഞ കേസിലെ ഒരു പ്രതി ഒളിവിലാണ്. മറ്റു പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഇത്രയും കാലതാമസം വന്നത്.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ബ്ലാക്കുമാക്കറിന്റെ ശരിയായ നിർവചനം എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേകമായി നിർവചനം ഒന്നുമില്ല. ബ്ലാക്കുമാക്കറ് എന്നുവച്ചാൽ എല്ലാവർക്കും അറിയാം.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഒരേക്കർ സ്ഥലമുള്ള ഒരു കൃഷിക്കാരൻ അയാളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി.....

Mr. Speaker: That question is hypothetical.

ശ്രീ. ഇ. പി. പൗലോസ്: കരിഞ്ചന്തക്കേസു പിടിക്കുന്നതിൽ ചില കേസുകളിൽ ഉൾപ്പെട്ടവരെ ഡീറെയിൻചെയ്യുകയും മറ്റു ചിലരുടെ പേരിൽ കേസു ചാർജ്ജുചെയ്യുകയും ചെയ്യുന്നതു് എന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഹാബിച്വലായി ബ്ലാക്കുമാക്കറിംഗ് നടത്തുന്ന ആളുകളെ പ്രിവൻറിവ് ഡിറൻക്ഷൻ ആക്ടിൻപ്രകാരം ഡീറെയിൻ ചെയ്യുന്നുണ്ട്.

ശ്രീ. ഇട്ടീര അയ്യൂക്കൻ: ഈ രാജ്യത്തു ബ്ലാക്കുമാക്കറുകാരുടെ ഒരു ഗ്രാഡ്വേഷൻ ലിസ്റ്റ് പബ്ലിഷ്ചെയ്യാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമാണെന്നുവന്നാൽ പലരേയും അതിൽ ചേർക്കേണ്ടിവരും.

ശ്രീ. എ. കെ. പാച്ചുപിള്ള: തെളിവു ശേഖരിച്ചതിനുശേഷമാണോ അങ്ങനെ ആളുകളെ ഡീറെയിൻചെയ്യിട്ടുള്ളത്?

ശ്രീ. ടി. കെ നാരായണപിള്ള: അതെ.

MANUFACTURING SALT

***902. [40] Sri. M. I. Paul:** Will the Hon'ble Minister for Excise be pleased to state.—

(*a*) how many acres of land have been assigned for manufacturing salt in Malippuram;

(*b*) is this process a success; and

LIBRARY ARCHIVES Kerala Legislative Assembly